കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെടുമുടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-177/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com
തീയതി, 08.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെടുമുടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെടുമുടി ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി1-177/2019 തീയതി, 08.03.2019

.
.

# ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും,ഉദ്യോഗപ്പേരും | ജി.ഹരികുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |

..

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.02.2019 മുതൽ 20.02.2019 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.എം.പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ. എം.കെ.ചാക്കോ | 01.04.2017 മുതൽ 31.03.2018വരെ |

2. സെക്രട്ടറി

| | | |
|---|---|---|
| 1 | ജോയി മാത്യു | 01.04.2017മുതൽ 31.03.2018 വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | യശോദ സുകുമാരൻ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | വി.ശശി | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | റൂബി ആന്റണി | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ കാര്യം<br>വിദ്യാഭ്യാസ കാര്യം | കെ.പി.അനിയപ്പൻ | 01.04.2017മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | അമല.ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ദീപ.എൽ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | നിള.എം | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | വി.ഇ.ഒ | പ്രജിഷകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| | | സീന.ജി.തങ്കപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. ജയലക്ഷ്മി | 01.04.2017 മുതൽ 23.12.2017FNവരെ |
| | | ഡോ.സിന്ധു ശ്രീധർ | 23.12.2017ANമുതൽ23.01.2018FNവരെ |
| | | ഡോ.അന്ന സുരേന്ദ്രൻ | 23.01.2018AN മുതൽ 31.03.2018വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.റോയ് ബി.ഉണ്ണിത്താൻ | 01.04.2017മുതൽ 31.03.2018 വരെ |
| 7 | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. | ജയശ്രീ കെ.എസ് | 01.04.2017മുതൽ 31.03.2018 വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ബിനോയ് ബോസ് | 01.04.2017 മുതൽ 31.03.2018വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | സാജുമോൻ പത്രോസ് | 01.04.2017 മുതൽ 31.03.2018വരെ |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | സൽമാബീവി | 01.04.2017 മുതൽ 31-12-17വരെ |
| | | സിനി.എസ്.നായർ | 01-01-2018 മുതൽ 31-03-2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ<br>1-11 വരെ |

| | | |
|---|---|---|
| | ഭാഗം 2 | |
| 2 | വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് | 2-1 |
| 3 | തൊഴിൽ/സ്ഥാപന നികുതി പിരിവ് കാര്യക്ഷമമല്ല | 2-2 |
| 4 | ലൈസൻസ് യഥാസമയം പുതുക്കുന്നില്ല | 2-3 |
| 5 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല. | 2-4 |
| 6 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 2-5 |
| 7 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു | 2-6 |
| | ഭാഗം 3 | |
| 8 | പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 26.54 ലക്ഷം ചെലവഴിച്ചില്ല | 3-1 |
| 9 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല | 3-2 |
| 10 | ഗാർഹിക കുടിവെള്ള കണക്ഷൻ - യഥാർത്ഥ ചെലവിനേക്കാൾ അധികം തുക നൽകി | 3-3 |
| 11 | ബിൽ തയ്യാറാക്കിയതിലെ അപാകതകൾ മൂലം അധിക തുക ചെലവഴിച്ചു | 3-4 |
| 12 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 3-5 |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 14 | ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുവാൻ ധനസഹായം - അപാകതകൾ | 3-7 |
| 15 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-8 |
| 16 | എസ്.എസ്.എ. വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-9 |
| 17 | പാലിയേറ്റീവ് പരിചരണം - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-10 |
| 18 | പാലിയേറ്റീവ് കെയർ-ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള ചെലവും നൽകി | 3-11 |
| 19 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ | 3-12 |
| 20 | ജലസേചനത്തിനു പെട്ടിയും പറയും - പാടശേഖരസമിതിയുമായി കരാർ വച്ചിട്ടില്ല | 3-13 |
| 21 | കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ - അവലോകനം | 3-14 |
| 22 | പൊതുമരാമത്ത് പ്രവൃത്തികൾ - ബില്ലിൽ നിന്നും കുറവ് | 3-15 |

| | | |
|---|---|---|
| | ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല | |
| 23 | അഗതി ആശ്രയ പദ്ധതി - തുക പൂർണ്ണമായി ചെലവഴിച്ചില്ല | 3-16 |
| | ഭാഗം 4 | |
| 24 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| 25 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 26 | അനുബന്ധം 2 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 114197000 | 113403000 |
| വാർഷിക കണക്ക് പ്രകാരം | 48427833 | 45078931. |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 31.7.2018 | 10.05.18 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(24)/2018/30.07.18/01.08.18 | വിശേഷണങ്ങളോട്ടു കൂടിയത്. |

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10146807 |
| വരവ് | 48427833 |
| ആകെ | 58574640 |
| ചെലവ് | 45078931 |
| നീക്കിയിരിപ്പ് | 13495709 |

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 12828000 | 12828000 | 11616418 | 1211582 |
| വികസനഫണ്ട് എസ്.സി.പി. | | 4289361 | 4289361 | 4274061 | 15300 |
| വികസനഫണ്ട് ടി.എസ്.പി. | | 2998 | 2998 | - | 2998 |
| സംരക്ഷണഗ്രാന്റ് റോഡ് | | 2065596 | 2065596 | 1750646 | 314950 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3012000 | 3012000 | 2124342 | 887658 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 6343194 | 6343194 | 6227877 | 115317 |
| കെ.എൽ.ജി.എസ്.ഡി.പി | | 441999 | 441999 | 334986 | 107013 |
| എസ്സ് ബി ടി | | 89300 | 89300 | 649 | 88651 |
| കുട്ടനാട് പാക്കേജ് എഡിസിബി | 794591 | 170433 | 965024 | | 965024 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 4505441 | 7617000 | 12122441 | 7881512 | 4240929 |
| സാക്ഷരത എസ്ബിഐ | 5222 | 194 | 5416 | | 5416 |
| ഡിസ്ട്രസ് റിലീഫ് ഫണ്ട് | 41495 | 32313 | 73808 | 67400 | 6408 |
| എം.എൻ.ആർ.ഇ. ജി. എസ് | 2453 | 1048702 | 1051155 | 967001 | 84154 |
| എസ്സ്ബിഐ എസ്എസ്എ | 40377 | 3757 | 44134 | | 44134 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | 1560538 | 1560538 | 999661 | 560877. |
| എസ്സ്ബിടി പ്ലാൻ | 47509 | 329 | 47838 | 47838 | 0 |
| തനത് ഫണ്ട് | 4534124 | 11181188 | 15715312 | 8326465 | 7388847 |
| ക്യാഷ് (തനത്) | 175595 | 111269 | 286864 | 175595 | 111269 |
| ബി ഫണ്ട് | | 284480 | 284480 | 284480 | 0 |
| ആകെ | 10146807 | 51082651 | 61229458 | 45078931 | 16150527 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 170 | 52595129 | 97 | 29912464 | 18 | 55 | 57.06 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2453 | 1048702 | 1051155 | 967001 | 84154 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 17766242 | 17766242 | 17766242 | |
| ആകെ | 2453 | 18814944 | 18817397 | 18733243 | 84154 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 39480 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 16226400 | 1419 |
| വിധവാപെൻഷൻ | 5593600 | 488 |
| വാർദ്ധക്യകാലപെൻഷൻ | 11355400 | 926 |
| വികലാംഗപെൻഷൻ | 2977200 | 248 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 696000 | 57 |
| വിവാഹധനസഹായം | 210000 | 3 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-02-2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76,160/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02-07-2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
3. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക

മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
6. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
7. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
9. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
10. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
11. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06/02/19 &07/02/19 | 2019 ജനുവരി | 07/02/19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/05/16 മുതൽ 04/06/16 വരെ | 2011-12 മുതൽ 2015-16വരെ | 26/08/16 |

1-12 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രം കെഎസ്സ്എജിഎ4/1126(24)/18 അനുബന്ധം 2 ൽ പറഞ്ഞിട്ടുള്ള താഴെ പറയുന്ന അപാകതകൾ മാത്രമാണ് പരിഹരിച്ചിട്ടുള്ളത്.

എ) റസിപ്റ്റ് & പേമെന്റ് അക്കൗണ്ട്

ക്രമ നം. 3

ബി) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

ക്രമ നം. 1

സി) ബാലൻസ് ഷീറ്റ്

ക്രമ നം. 1,2,3

ബാക്കി അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി കുടിശിക സംബന്ധിച്ച്

പഞ്ചായത്തിന്റെ ഏറ്റവും പ്രധാന വരുമാന മാർഗ്ഗമാണ് വസ്തു നികുതി. തനതു വർഷത്തെ ഡിമാന്റ് കളക്ഷൻ 85% ൽ അധികം എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ തന്നാണ്ട് ഡിമാന്റ് 21,56,106/- രൂപ. ഇതിൽ കളക്ഷൻ നടന്നത് 18,44,305/- രൂ. (85.43%) ഇതിനൊപ്പം 50% സർവ്വീസ് ചാർജ്ജ് കൂടി ചുമത്തുന്നുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ വസ്തു നികുതി കുടിശിക പിരിവിൽ വലിയ കുറവ് സംഭവിച്ചതായി കാണുന്നു. വാർഷിക കണക്ക് അനുസരിച്ച് 2017-18 ലെ അരിയർ ഡിമാന്റ് 50,26,489/- രൂ. അതിൽ പിരിച്ചെടുക്കാനായത് 21,93,375/- രൂപ മാത്രം. (43.63%) പകുതിയിലേറെത്തുക പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നു. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 17 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2013-14 മുതൽ 16-17 വരെയുള്ള 4 വർഷങ്ങളിലെ ശരാശരി വസ്തു നികുതി പിരിവ് 33.48% മാത്രമാണെന്നും, ഈ കുടിശികയിൽ 87.95%വും, അതായത് 30,45,340/- രൂപ 17-18 ൽ പിരിച്ചെടുത്തു എന്നുമാണ് മറുപടിയിലുള്ളത്. എന്നാൽ അരിയർ ഡിമാന്റ് എത്രയാണെന്ന് മറുപടിയിൽ പറഞ്ഞിട്ടില്ല. വാർഷിക കണക്ക് പ്രകാരം അരിയർ ഡിമാന്റ് 50,26,489/- രൂ. മറുപടി പ്രകാരം കുടിശിക പിരിവ് 30,45,340/- രൂപ, ഈ തുക അംഗീകരിച്ചാൽ തന്നെ 60.58% മാത്രമാണ് കുടിശിക പിരിവ് നടന്നിട്ടുള്ളത്. മറ്റു വരുമാന മാർഗ്ഗങ്ങൾ തീരെ പരിമിതമായ പഞ്ചായത്ത്, വസ്തു നികുതിയിനത്തിൽ ഇത്രയധികം തുക കുടിശികയായി നിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

### 2-2 തൊഴിൽ /സ്ഥാപന നികുതി പിരിവ് കാര്യക്ഷമമല്ല

തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം | പേര്/ഉദ്യോഗപ്പേര് | അർദ്ധ വർഷം | ഈടാക്കാനുള്ള നികുതി |
|---|---|---|---|
| 1. | ഡോ. ജയലക്ഷ്മി ജയപ്രകാശ്, ചെമ്പുംപുറം സിഎച്ച്സി | ഒന്ന് | 1250/-രൂ. |
| 2. | ഐസിഡിപി പ്രൊജക്റ്റ് ഓഫീസർ | രണ്ട് | 1250/-രൂ. |
| | | ആകെ | 2500/-രൂ. |

തൊഴിൽ നികുതി ഇനത്തിൽ നഷ്ടമായ 2500/-രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| ക്രമ നം | പേരു്/ഉദ്യോഗപ്പേര് | ആകെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1. | പ്രസന്നകുമാരി എസ്സ്.<br>പിടിസിഎം, ഗവ.എൽപിഎസ്സ്, ചെമ്പുംപുറം | 75924/- | 750/- | 600/- | 150/- |
| 2. | ജെ. സുമതിക്കുട്ടിയമ്മ<br>പിടിസിഎം,, ഗവ.എൻഎസ്സ്എൽപിഎസ്സ്, നെടുമുടി | 82488/- | 750/- | 600/- | 150/- |
| 3. | പുഷ്കരൻ.എം.ഡി. പിടിസിഎം, ഗവ.എൽപിഎസ്സ്, നടുഭാഗം | 82488/- | 750/- | 600/- | 150/- |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-6 ന് നൽകിയ മറുപടിയിൽ ശ്രീമതി.പ്രസന്നകുമാരി.എസ്സ്, ശ്രീ.പുഷ്കരൻ.എം.ഡി. എന്നിവരിൽ നിന്നും തൊഴിൽ നികുതി ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

ബാക്കിയുള്ളവരിൽ നിന്നും ലഭ്യമാകാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

താഴെപ്പറയുന്ന ഓഫീസുകളിലെ ജീവനക്കാർ 2017-18ൽ തൊഴിൽ നികുതി അടച്ചിട്ടില്ല എന്ന് കാണുന്നു.

1) പോസ്റ്റ് ഓഫീസ്, ചമ്പക്കുളം, രണ്ടാം അർദ്ധ വർഷം.

2) പോസ്റ്റ് ഓഫീസ്, ചേന്നംകരി, ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ

3) പോസ്റ്റ് ഓഫീസ്, പൊങ്ങ, ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ

4) പോസ്റ്റ് ഓഫീസ്, പണ്ടാരക്കളം, ഒന്ന് രണ്ട് അർദ്ധ വർഷങ്ങൾ

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-6 ന് മറുപടിയിൽ ടി പോസ്റ്റ് ഓഫീസുകളിൽ നിന്നും നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

സ്ഥാപന നികുതി അടവാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | തുക |
|---|---|---|---|
| 1. | ജില്ലാ സഹകരണ ബാങ്ക്, ചമ്പക്കുളം | ഒന്ന് രണ്ട് | 2500/- |
| 2. | എസ്സ് ബി ഐ ചമ്പക്കുളം | രണ്ട് | 1250/- |
| 3. | ഫെഡറൽ ബാങ്ക്, ചമ്പക്കുളം | രണ്ട് | 1250/- |
| 4. | എസ്സ്സിബി നം. 4122 | ഒന്ന് രണ്ട് | 2500/- |

ഓഡിറ്റ് അന്വേഷണത്തിന്റെ (6) അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്ക് ചമ്പക്കുളം, രസീത് നം.118040101795/14-02-19 പ്രകാരം സ്ഥാപന നികുതി ഒടുക്കിയിട്ടുണ്ടെന്നും, ബാക്കിയുള്ളവരിൽ നിന്നും സ്ഥാപന നികുതി 5000/- രൂ. ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. ഈടാക്കുവാനുള്ള 5000/- രൂ. ഏത്രയും വേഗം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ലൈസൻസ് യഥാസമയം പുതുക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഡി & ഓ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളും മറ്റും ലൈസൻസ് യഥാസമയം പുതുക്കുന്നില്ല എന്ന് കാണുന്നു. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി നൽകണമെന്നതാണ് ചട്ടം. എന്നാൽ പഞ്ചായത്തിലെ ഏതാനും ചില സ്ഥാപനങ്ങളൊഴികെ മറ്റാരും ഈ നിയമം പാലിക്കുന്നതായി കാണുന്നില്ല. വർഷം മുഴുവൻ അപേക്ഷകൾ സ്വീകരിക്കുകയും, ലൈസൻസ് പുതുക്കി നൽകുകയും ചെയ്തു വരുന്നതായി കാണുന്നു. പത്തു മാസത്തിലധികം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച വ്യാപാര സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റിലും, ലൈസൻസ് രജിസ്റ്ററിലും ചേർത്തിരിക്കുന്ന വ്യാപാരികളുടെ എണ്ണത്തിലും വ്യത്യാസം കാണുന്നു. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 16 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. താമസിച്ച് ലഭിച്ച അപേക്ഷകളിന്മേൽ ബീലേറ്റഡ് ഫീ ഈടാക്കിയിട്ടുണ്ടെന്നും, നിലവിൽ യഥാസമയം തന്നെ അപേക്ഷ സ്വീകരിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ബീലേറ്റഡ് ഫീ ഈടാക്കിയതായി രജിസ്റ്ററിൽ സൂചിപ്പിച്ചിട്ടില്ല.

## 2-4 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 21 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 43820/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവു വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-5 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWF ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ തൻവർഷം 91275/- രൂപ ടി ഇനത്തിൽ വെൽഫയർ ബോർഡിൽ ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നുള്ള കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-6 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വളരെക്കാലമായി യാതൊരുവിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. ടി അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31.3.18ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 1 | എ.ഡി.സി.ബി- ചമ്പക്കുളം<br>കുട്ടനാട് പാക്കേജ് | 4006/10/09/1 | 965024 |

| | | | |
|---|---|---|---|
| 2 | എസ്.ബി.ടി<br>(SSA) | 6701091310-4 | 44134 |

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ നിഷ്ക്രീയമായി തുടരുന്നതിനാൽ അവയിൽ നിയമാനസൃത നടപടി സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി നിർവ്വഹണത്തിൽ വീഴ്ച – 26.54 ലക്ഷം ചെലവഴിച്ചില്ല

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 2.89 കോടി രൂപ ലഭിച്ചിരുന്നു. എന്നാൽ 2.63കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ 57.06% മാത്രമാണ് തൻവർഷം പൂർത്തിയാക്കിയത്. തൻമൂലം ബാക്കി 26.54ലക്ഷം രൂപ നഷ്ടമായി. വിശദാംശം ചുവടെ.

| ഇനം | അലോട്ടു ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക | ചെലവു ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 12828000 | 11616418 | 1211582 | 90.55 |
| വികസന ഫണ്ട് - SCP | 4289361 | 4274061 | 15300 | 99.6 |
| വികസന ഫണ്ട് - TSP | 2998 | -- | 2998 | 0 |
| മെയിന്റ. ഗ്രാന്റ് - റോഡ് | 2065596 | 1750646 | 314950 | 84.75 |
| മെയിന്റ. ഗ്രാന്റ് - നോൺ റോഡ് | 3012000 | 2124342 | 887658 | 70.53 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6343194 | 6227877 | 115317 | 98.18 |
| പെർഫൊർമൻസ് ഗ്രാന്റ് | 441999 | 334986 | 107013 | 75.78 |
| ആകെ | 28983148 | 26328330 | 2654818 | 90.84 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് തീർത്തും നിരാശാജനകമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എസം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ്

രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/ അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവർത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ഗാർഹിക കുടിവെള്ള കണക്ഷൻ -യഥാർത്ഥ ചെലവിനേക്കാൾ അധികം തുക നൽകി

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി.) എന്ന പ്രോജക്ടിന് സബ്സിഡി തുക വിതരണം ചെയ്തപ്പോൾ ചില ഗുണഭോക്താക്കൾ ഹാജരാക്കിയ ചെലവ് തുകയേക്കാൾ അധികം തുക ഇവർക്ക് നൽകിയതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ചെലവാക്കിയ തുക | അധികം നൽകിയത് | കുറിപ്പ് |
|---|---|---|---|---|---|
| 1 | ശ്രീമതി.ശാന്തമ്മ | 7500 | 6500 | 1000 | ബിൽ നം. 14/22-2-18 |
| 2 | ശ്രീമതി.ഓമന ഗോപി | 7500 | 6250 | 1250 | ,, |
| 3 | ശ്രീമതി.ദേവകി | 7500 | 6585 | 915 | ,, |
| 4 | ശ്രീമതി.സുജാത കുമാരി | 7500 | 6235 | 1265 | ,, |
| 5 | ശ്രീമതി.സുജാത | 7500 | 6700 | 800 | ബിൽ നം.17/20-3-18 |
| 6 | ശ്രീമതി.റാണി | 7500 | 7385 | 115 | ബിൽ നം. 21/28-3-18 |
| 7 | ശ്രീമതി.സോമകുമാരി | 7500 | 5025 | 2475 | ,, |

| | | | | | |
|---|---|---|---|---|---|
| 8 | ശ്രീ.ജയൻ | 7500 | 4485 | 3015 | ,, |

ഗാർഹിക കുടിവെള്ള കണക്ഷന് പരമാവധി 7500 രൂപ നൽകാമെന്നിരിക്കേ ഗുണഭോക്താക്കൾ ഹാജരാക്കിയ ചെലവ് തുകയിലധികരിച്ച നൽകിയ 10835/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു.

## 3-4 ബിൽ തയ്യാറാക്കിയതിലെ അപാകതകൾ മൂലം അധിക തുക ചെലവഴിച്ചു

അമ്പാടി മുതൽ തോട്ടക്കാട് കളം വരെ വഴി ഗ്രാവലിംഗ് എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ അളവുകൾ രേഖപ്പെടുത്തിയതിലെ അപാകത മൂലവും, ആദായ നികുതി തുക കുറവ് ചെയ്തതിലുണ്ടായ പിഴവ് മൂലവും അധിക തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ.

പ്രസ്തുത പ്രവൃത്തിയുടെ ഇനം. നം. 8 പ്രകാരം 1.50 ക്യു.മീ. അളവിൽ ആർ.ആർ മേസണറി ചെയ്തതിന് 4092.62/ക്യു.മീ. നിരക്കിൽ 6139/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ അളവ് ബുക്ക് പേജ് 8 പ്രകാരം ടി പ്രവൃത്തി ചെയ്തിട്ടുള്ളത് 1.125 ക്യു.മീ. മാത്രമാണ്. ഇത് പ്രകാരം നൽകാവുന്ന തുക 4604/- രൂപയാണ്(1.125x 4092.62) അധികം നൽകിയത് 1535/- രൂപ.

പ്രവൃത്തിയ്ക്കായി ആകെ ചെലവഴിക്കാവുന്ന തുകയുടെ വിവരം

| ഇന വിവരം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക |
|---|---|---|
| പ്രവൃത്തിമൂല്യം | 183944 | 182409<br>(183944-1535) |
| (+) വാറ്റ് 5% | 9197 | 9120 |
| നിർമ്മാണ തൊ.ക്ഷേമ.1% | 1839 | 1824 |
| ആദായ നികുതി 2% | 3679 | -- |
| ആകെ | 198659 | 193353 |

അധികം ചെലവഴിച്ച തുക 5306/- രൂപ. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ അധികമായി ചെലവ് ചെയ്ത തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ:

പ്രോജക്ട് നം. 154/15

കൺവീനർ - ശ്രീ. മഹേഷ്

കരാർ തീയതി - 23.3.15

എസ്റ്റിമേറ്റ് - DSR 2013(C.I -1.38)

എം.ബുക്ക് - 26/16-17

പ്രവൃത്തി മൂല്യം - 198659/-

ബിൽ നം. 18/31.10.17 -198659/-

## 3-5 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ

## നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർ മുഖേന നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കപ്പെടാത്തതായി പരിശോധനയിൽ കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(I) അംഗൻവാടി നമ്പർ 114- മെയിന്റനൻസ്

പ്രോജക്ട് നം. 149/18

ചെയർമാൻ - ശ്രീമതി. മായ

കൺവീനർ - ശ്രീമതി.ഗ്രേസി.എ

കരാർ തീയതി - 15.2.17

പ്രവൃത്തി മൂല്യം - 123492/-

ബിൽ നം. 9/27.7.17

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

(1) പ്രവൃത്തിയ്ക്കായി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചാണ് പണമിടപാടുകൾ നടത്തേണ്ടത്. എന്നാലിവിടെ ഇത്തരത്തിലൊരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ശ്രീമതി. ഗ്രേസിയുടെ പേരിൽ എസ്.ബി.ടി ചമ്പക്കുളം ശാഖയിലുള്ള സാലറി അക്കൗണ്ടിന്റെ വിവരമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(3) സിമന്റ് ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ വാങ്ങിയതിന്റെ ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത്.

(4) മസ്റ്റർ റോളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ തുക അനുവദിച്ചതായി രേഖപ്പെടുത്തുകയോ, ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

II. അമ്പാടി മുതൽ തോട്ടക്കാട് കളം വരെ വഴി ഗ്രാവലിംഗ്

പ്രോജക്ട് നം. 154/15

ചെയർമാൻ - ശ്രീ.കെ.ജി.സിബിച്ചൻ

കൺവീനർ - ശ്രീ. മഹേഷ്

കരാർ തീയതി - 23.3.15

പ്രവൃത്തി മൂല്യം - 198659/-

ബിൽ നം. 18/31.10.17

(1) പ്രവൃത്തി പൂർത്തീകരണ യോഗത്തിന്റെ തീയതി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

(2) 236270/- രൂപ ചെലവായതായി കണക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവിന് ആധാരമായ രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(3) പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ

ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(4) മസ്റ്റർ റോളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ തുക അനുവദിച്ചതായി രേഖപ്പെടുത്തുകയോ, ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(5) പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ വളരെയധികം കാലതാമസമുണ്ടായിട്ടുള്ളതായി കാണുന്നു. 23.3.2015 ൽ കരാർ ചമച്ച പ്രവൃത്തി പൂർത്തീകരിച്ചത് 18.2.17 ലാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ പ്രസ്തുത അപാകതകൾ ഒഴിവാക്കി പദ്ധതി നടത്തുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നത് ഭരണ സമിതിയും ഉറപ്പാക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1. ഹോമിയോ ആശുപത്രിക്ക് വാട്ടർ കണക്ഷൻ (പ്രോജക്ട് നം. S032/18)

പ്രോജക്ടിനായി KWA തിരുവല്ല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ 20000 രൂപ ബിൽ നം. 18 /31-12-17 പ്രകാരം പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി മാർച്ച് 31 നകം പൂർത്തിയാക്കേണ്ടതാണെന്ന് കരാറിൽ പറയുന്നുണ്ടെങ്കിലും പൂർത്തീകരിച്ചതായി രേഖ ഹാജരാക്കുകയോ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2. ആറാം വാർഡിൽ പള്ളൂരം ഭാഗത്ത് പമ്പ് ഹൗസും അനുബന്ധ സാമഗ്രികളും സ്ഥാപിക്കൽ (പ്രോജക്ട് നം. S166/18)

5, 6 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ആറാം വാർഡിൽ പള്ളൂരം ഭാഗത്ത് പമ്പ് ഹൗസും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിനായി ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബിൽ നം . 22/26-2-18 പ്രകാരം 14 ലക്ഷം രൂപ പിൻവലിച്ച് ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് നൽകി. എന്നാൽ ഭൂജല വകുപ്പുമായി കരാർ വച്ചത് 4-4-2018 ൽ മാത്രമാണ്. കരാർ പ്രകാരം ആറുമാസത്തിനകം വർക്ക് പൂർത്തീകരിക്കേണ്ടതാണ്. വർക്ക് പൂർത്തീകരിച്ചതായി രേഖ ഹാജരാക്കുകയോ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട് കാണുന്ന മറ്റ് അപാകതകൾ

a. പമ്പ് ഹൗസും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിനായി തെക്കേമുറി പള്ളൂരുത്തി വീട്ടിൽ അജയകുമാർ, ബാബുക്കുട്ടൻ, ഭഗീരഥിയമ്മ എന്നിവർ ചേർന്ന് 1.5 സെന്റ് സ്ഥലം പഞ്ചായത്തിനു വിട്ടുനൽകിയിരുന്നു. ഇത് പഞ്ചായത്തിൽ മുതൽ കൂട്ടിയതായി കാണുന്നില്ല.

b. ഈ പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിലും തുടർ നടത്തിപ്പും അറ്റകുറ്റപണികളും ഗുണഭോക്തൃ ഗ്രൂപ്പ് ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

മുകളിൽ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം ചെലവ്ചെയ്ത 1420000രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുവാൻ ധനസഹായം - അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുവാൻ ധനസഹായം എന്ന പ്രോജക്ട് (S 109/18) പ്രകാരം രണ്ട് കുടുംബങ്ങൾക്ക് ധനസഹായം വിതരണം

ചെയ്തിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

a. ബിൽ നം.4/25-9-17 പ്രകാരം 375000 രൂപ പിൻവലിച്ച് ശ്രീ.പി.വി.വേണുഗോപാലിന് 5 സെന്റ് സ്ഥലം നൽകിയതിനായി ശ്രീ.എൻ.എസ്. ശ്രീകുമാറിനു നൽകി.

b. ബിൽ നം. 23/28-3-18 പ്രകാരം 225000 രൂപ പിൻവലിച്ച് ശ്രീ.ഷനോജ്കുമാറിന് 5 സെന്റ് സ്ഥലം നൽകിയതിനായി ശ്രീ.രതീഷ്.ആർ.നായർക്കു നൽകി.

പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ശ്രീ. പി.വി.വേണുഗോപാലിന് സ്ഥലം രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ടെങ്കിലും പോക്കുവരവ് ചെയ്തതായി കാണുന്നില്ല.

2. ശ്രീ.ഷനോജ്കുമാറിന് വേണ്ടി 5 സെന്റ് സ്ഥലത്തിന് ശ്രീ.രതീഷ്. ആർ.നായർക്കു 225000 രൂപ നൽകിയതല്ലാതെ സ്ഥലത്തിന്റെ വില എത്രയാണെന്നു കാണിച്ചിട്ടില്ല. മാത്രമല്ല ആധാരം നടത്തി നൽകിയിട്ടുമില്ല.

3. ഗുണഭോക്താക്കൾക്കു ലഭിച്ച സ്ഥലം കൈമാറ്റം ചെയ്യുകയില്ലെന്നും അന്യാധീനപ്പെടുത്തുകയില്ലെന്നും ഭവന നിർമ്മാണത്തിന് ഉപയോഗിക്കുമെന്നും ഉള്ള കാര്യങ്ങൾ കാണിച്ചുകൊണ്ട് കരാർ വച്ചിട്ടില്ല.

ശരിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 600000 രൂപ തടസ്സപ്പെടുത്തുന്നു

## 3-8 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി ചെലവ് തുക തടസ്സപ്പെടുത്തുന്നു

കൃഷി ഓഫീസർ നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവരെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1. വനിതാ ജൈവ പച്ചക്കറി പദ്ധതി (പ്രോജക്ട് നം. S 086/18)

പ്രോജക്ടിനായി ബിൽ നം. 2/23-1-18 പ്രകാരം 132500 പിൻവലിച്ച് VFPCK യിൽ നിന്നും 6 ഇനം പച്ചക്കറി വിത്തുകൾ വാങ്ങി 2650 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. 17-3-18 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2/16 നിശ്ചയത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ എണ്ണം കുറവായിരുന്നതിനാലും ഗുണഭോക്താക്കൾ ഹാജരാക്കാതിരുന്നതിനാലും കൃഷി ഓഫീസർ അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ ലിസ്റ്റിന് അംഗീകാരം നൽകുകയുണ്ടായി. ഈ നിശ്ചയത്തിൽ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങാമെന്ന് തീരുമാനിച്ചിരുന്നെങ്കിലും ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

2. കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻ തൈ വിതരണം (പ്രോജക്ട് നം. S 158/18)

പ്രോജക്ടിനായി ബിൽ നം.4/13-3-18 പ്രകാരം 39000 രൂപ പിൻവലിച്ച് 520 തെങ്ങിൻ തൈകൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷനിൽ നിന്നും വാങ്ങി വിതരണം ചെയ്തു. അതുപോലെ ബിൽ നം. 5/14-3-18 പ്രകാരം 260000 രൂപ പിൻവലിച്ച് 177 ഗുണഭോക്താക്കൾക്ക് കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റിയതിനു നൽകി. 17-3-18 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2/9 നിശ്ചയത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ എണ്ണം കുറവായിരുന്നതിനാലും ഗുണഭോക്താക്കൾ ഹാജരാകാതിരുന്നതിനാലും കൃഷി ഓഫീസർ അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ ലിസ്റ്റിന് അംഗീകാരം നൽകുകയുണ്ടായി. ഈ നിശ്ചയത്തിൽ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങാമെന്ന് തീരുമാനിച്ചിരുന്നെങ്കിലും ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

മുകളിൽ കാണിച്ചിട്ടുള്ള പ്രോജക്ടുകളിൽ ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ചെലവ് ചെയ്തതിനാൽ 431500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 എസ്.എസ്.എ. വിഹിതം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.S0017/18

ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. നടപ്പാക്കിയ എസ്.എസ്.എ. വിഹിതം എന്ന പ്രോജക്ടിൽ 5,00,000/-രൂപ വികസന ഫണ്ടിൽ നിന്നും ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ.യ്ക്ക് 10.07.17ൽ ബിൽ നം.1/17-18 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 5,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് പരിചരണം -മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഔഷധി എന്നീ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ, തുക,തീയതി | ലഭ്യമാക്കാനുള്ള മരുന്ന്(ഇൻവോയിസ് നം./തീയതി/തുക) | ലഭ്യമായത് | ബാക്കി |
|---|---|---|---|---|
| 0009/18പാലിയേറ്റീവ് പരിചരണം | 5/17-18,50,000/-12.03.18 | PRF4071/07.02.18<br>40,000/- | 9270/-(7560/29.08.18)<br>6245/-(11249/27.10.18) | 24,485/- |
| | | PRF1087/20.01.8<br>3193/- | 2230/-(10497/11.10.18) | 963/- |
| | | PRF1299/07.02.18<br>6807/- | 6497/-(824/19.08.18) | 310/- |
| | ബ്ലോക്ക് വിഹിതം 2,00,000/- 6167805 13.03.18 | PRF4072/07.02.18<br>50,000/- | 28,098/-<br>6933/19.08.18 | 21,902/- |
| | | Inv.No.36929/14.11.17<br>1,50,000/-(ഔഷധി) | 86,497/-<br>Inv.No.90063764/21.05.18 | 63,503/- |
| ആകെ | | | | 1,11,163/- |

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ സുഗമമായ പ്രവർത്തനത്തിന് മരുന്നുകൾ യഥാസമയം ലഭ്യമാകേണ്ടതുണ്ട്. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1,11,163/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 പാലിയേറ്റീവ് കെയർ-ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള ചെലവും നൽകി

ഹോം കെയർ രജിസ്റ്റർ പ്രകാരം 26.08.17, 19.12.17, 20.12.17, 21.12.17, 24.01.18എന്നീ തീയതികളിൽ ഹോം കെയർ നടത്തിയിട്ടില്ല. എന്നാൽ ഈ ദിവസങ്ങളിൽ വാഹന വാടകയും ഭക്ഷണത്തിനുള്ള തുകയും നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വൗച്ചർ നം./തീയതി | തുക |
|---|---|---|
| വാഹന വാടക | 106/17-26.08.17 | 1000 |
| ഭക്ഷണം | 146/17-26.08.17 | 250 |
| വാഹന വാടക | 201/17-19.12.17 | 900 |
| ഭക്ഷണം | 220/17-19.12.17 | 250 |
| വാഹന വാടക | 202/17-20.12.17 | 1100 |
| ഭക്ഷണം | 221/17-20.12.17 | 250 |
| വാഹന വാടക | 203/17-21.12.17 | 1000 |
| ഭക്ഷണം | 222/17-21.12.17 | 250 |
| വാഹന വാടക | 214/18-24.01.18 | 1000 |
| ഭക്ഷണം | 234/18-24.01.18 | 250 |
| ആകെ | | 6,250/- |

ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ മേൽ സൂചിപ്പിച്ചിട്ടുള്ളപ്രകാരം തുക അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/19.02.19) നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയതിലെ തെറ്റാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇത് തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 6,250/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം -നെടുമുടി ഗ്രാമപഞ്ചായത്ത് പരിധിയിൽ 23 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 2 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നത്. 19 എണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം സ്കൂളിലും ഒരെണ്ണം വാടക രഹിതവുമായി പ്രവർത്തിയ്ക്കുന്നു.

കുടിവെള്ളം- ഒരു അങ്കണവാടിയ്ക്ക് ഒഴികെ(നം 17) മറ്റ് 22 എണ്ണത്തിനും കുടിവെള്ള സൌകര്യം ഉണ്ട്.

ടോയ് ലെറ്റ്- സെന്റർ നം.30 ന് മാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഉള്ളത്.

വൈദ്യുതി- രണ്ടെണ്ണത്തിനൊഴികെ 21 എണ്ണത്തിനും വൈദ്യുത കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- സ്വന്തം കെട്ടിടമുള്ള രണ്ട് അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് സെന്റർ നം.30 ന് ഒഴികെ മറ്റെല്ലാ കെട്ടിടങ്ങൾക്കും 2017-18 വർഷം ലഭ്യമായിട്ടുണ്ട്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- നിലവിൽ ഭക്ഷണം സൂക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടെങ്കിലും പ്രളയത്തെതുടർന്നും കാലപ്പഴക്കം കൊണ്ടും കണ്ടെയ്നറുകൾ മികച്ചതല്ലാതായിട്ടുണ്ട്. 6 അങ്കണവാടികൾക്ക് 2017-18ൽ ഫുഡ് സ്റ്റോറേജ് കണ്ടെയ്നർ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന അങ്കണവാടികൾക്ക് കണ്ടെയ്നർ നൽകുവാൻ പ്രേജക്ട് വച്ചിട്ടുണ്ട് എന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചു.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 21 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് അപര്യാപ്തതയാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ /22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ജലസേചനത്തിനു പെട്ടിയും പറയും - പാടശേഖരസമിതിയുമായി കരാർ വച്ചിട്ടില്ല

കൃഷിഓഫീസർ നിർവ്വഹണം നടത്തിയ ജലസേചനത്തിനു പെട്ടിയും പറയും (പ്രോജക്ട് നം.S 160/18) എന്ന പ്രോജക്ട് പ്രകാരം വിവിധ പാടശേഖര സമിതികൾക്ക് പെട്ടിയും പറയും മോട്ടോറും വാങ്ങി നൽകിയിട്ടുണ്ട് എന്നാൽ ഈ പാടശേഖര സമിതികളുമായി കരാർ വച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

a. പ്രോജക്ടിനായി ഇടച്ചേരി വടക്ക് പാടശേഖരസമിതിക്ക് 30 HP പെട്ടിയും പറയും KAICOയിൽ നിന്നും വാങ്ങി നൽകി (ബിൽ നം. 7/24-3-18 Rs. 339000 )

b. മണപ്ര വടക്ക് പാടശേഖര സമിതിക്ക് 15 HP പെട്ടിയും പറയും മോട്ടോറും KAICOയിൽ നിന്നും വാങ്ങി നൽകി (ബിൽ നം. 8/24-3-18 Rs. 390000 )

c. കല്ലമ്പള്ളി പാടശേഖര സമിതിക്ക് 20 HP പെട്ടിയും പറയും മോട്ടോറും KAICOയിൽ നിന്നും വാങ്ങി നൽകി

(ബിൽ നം. 9/24-3-18 Rs. 433000 )

പാടശേഖരസമിതികൾ ഇവ കൈപ്പറ്റിയിട്ടുണ്ടെങ്കിലും കൃഷി ഓഫീസറുമായി കരാർ വച്ചിട്ടില്ല. നിയമ പ്രകാരം കരാർ ചമച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ - അവലോകനം

13-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് 2017-2022 വർഷത്തേക്കുള്ള വികസന രേഖ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉള്ള കൃഷി ഭൂമിയിൽ 2 പാടശേഖരങ്ങൾ പൂർണ്ണമായും 3 പാടശേഖരങ്ങൾ ഭാഗീകമായും കൃഷിചെയ്യുന്നില്ല (ആകെ 133 ഏക്കർ) വികസന രേഖ പ്രകാരം മുന്തിയ പരിഗണന തരിശു നിലങ്ങൾ കൃഷിഭൂമിയാക്കി മാറ്റുന്നതിനാണ്. അതിനായി 133 ഏക്കർ വരുന്ന തരിശു നിലത്തിൽ 50 ഏക്കർ 2017/18 ലും 30 ഏക്കർ 2018/19 ലും 20 ഏക്കർ വീതം 2019/20, 2020/21 വർഷങ്ങളിലും 13 ഏക്കർ 2021/22 വർഷത്തിലും കൃഷിയോഗ്യമാക്കുവാൻ വിഭാവനം ചെയ്തിരുന്നു. എന്നാൽ 2017/18 വർഷം ഇതിനായി പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പാക്കിയില്ല. അതുപോലെ തെങ്ങ് കൃഷി പ്രോൽസാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഹെക്ടറിന് നിലവിൽ ഉൽപാദനം 5000 തേങ്ങയെന്നുള്ളത് ഓരോ വാർഷിക പദ്ധതിയിലും 1000തേങ്ങ വീതം കൂടുതൽ ഉൽപ്പാദിപ്പിക്കണമെന്ന് വികസന ലക്ഷ്യത്തിൽ പറയുന്നുണ്ടെങ്കിലും കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ വിതരണം ചെയ്യുക എന്ന പ്രോജക്ടുമാത്രമാണ് നടപ്പാക്കിയത്. തേങ്ങയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

വികസന രേഖയിലെ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ട് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-16 അഗതി ആശ്രയ പദ്ധതി - തുക പൂർണ്ണമായി ചെലവഴിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഈ പ്രോജക്ടിൽ ശ്രീമതി.ഭുവനേശ്വരിയമ്മയ്ക്ക് ഭവന നിർമ്മാണത്തിനും അനുബന്ധ ചെലവുകൾക്കുമായി ബിൽ നം.7/26-10-17 പ്രകാരം 3 ലക്ഷം രൂപ പിൻവലിച്ച് CDS-ന്റെ ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചു. എന്നാൽ ഇതിൽ നിന്നും ഭവന നിർമ്മാണത്തിന് 250000 രൂപ മാത്രമാണ് ശ്രീമതി. ഭുവനേശ്വരിയമ്മയ്ക്ക് നൽകിയത്. ബാക്കിയുള്ള 50000 രൂപയിൽ 48000 രൂപ കക്കൂസ് നിർമ്മാണത്തിനും 2000 രൂപ കുടിവെള്ളത്തിനുമാണ് നൽകേണ്ടിയിരുന്നത്. ഈ തുക നൽകിയിട്ടില്ല. ഇത് ആശ്രയ അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നു. മാത്രമല്ല 31-3-2018 ൽ അഗതികളുടെ വിവിധ ആവശ്യങ്ങൾക്കായി ഡെപ്പോസിറ്റ് ചെയ്ത 1499764/-രൂപ ഈ അക്കൗണ്ടിൽ മിച്ചം കാണുന്നു.

അഗതി ആശ്രയ പദ്ധതിപ്രകാരം രണ്ടു ഘട്ടങ്ങളിലായി 19 പേർക്ക് ഭവന നിർമ്മാണത്തിനു സഹായം ആവശ്യമുണ്ടെന്നിരിക്കേ രണ്ടുപേർക്ക് മാത്രമാണ് വീടുനിർമ്മാണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളത്. 4 പേർക്ക് ഭൂമി വാങ്ങിക്കുവാൻ ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നെങ്കിലും ഒരാൾക്കു മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്.

സമൂഹത്തിൽ വളരെ അവശതയനുഭവിക്കുന്ന വിഭാഗം എന്നുള്ള പരിഗണന നൽകി അഗതി ആശ്രയ പദ്ധതി കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 2,00,000 | പാൽ സബ്സിഡി | 2,00,000 | - |
| | | 250000 | എംആർപിഎച്ച് | 250000 | - |
| | | 200000 | പാലിയേറ്റീവ് | 200000 | |
| | | 100000 | ഐസിഡിഎസ്സ് | 200000 | |

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജിഡബ്ല്യൂഡി | പമ്പ് ഹൗസ് സ്ഥാപിക്കൽ | ബിൽ നം. 18/31-12-17 | 1400000 | 1400000 | |
| കെ ഡബ്ല്യൂഎ | വാട്ടർ കണക്ഷൻ | ബിൽ നം. 22/26-2-18 | 20000 | 20000 | |

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ(ആർ.ടി) 960/10/തസ്വഭവ /20.3.10 | 10965000 | 1339996 | 1339996 | | --- |

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5750/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2016-17 | 2-3 | 5750/- | സാജുജോസഫ്, എച്ച്എസ്സ്എ (തൊഴിൽ നികുതി) | 11704010039/ 15-06-17 |
| അകെ | | 5750/- | | |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-6 | 2011-12 | 3-1-8 | 6 ലക്ഷം രൂ. ചെലവഴിച്ചിട്ടും തരിശു നിലം കൃഷി യോഗ്യമായില്ല | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട് |
| 2009-10 | 3-12 | 2011-12 | 3-1-19 | ഇടവിളകൃഷിക്കായി പദ്ധതികൾ രൂപീകരിക്കുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ല | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട് |
| 2014-15 | 2-1 | 2016-17 | 2(1)ൽ അനുബന്ധം 4 | തൊഴിൽ നികുതി | മറുപടി നൽകിയിട്ടുണ്ട് |
| 2015-16 | 2-2 | 2016-17 | 2(2)ൽ അനുബന്ധം 5 | തൊഴിൽ നികുതി | മറുപടി നൽകിയിട്ടുണ്ട് |

4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,84,27,833 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,50,78,931 |
| വരവിനങ്ങളിലുള്ള നഷ്ടം | 7,650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,391 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,62,663 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 7,650 | | ജോയിമാത്യു, സെക്രട്ടറി |
| 3-3 | | 10,835 | സാജുമോൻ പത്രോസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | | 5306 | ബിനോയ് ബോസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-11 | | 6,250 | ഡോ.അന സുരേന്ദ്രൻ, മെഡിക്കൽ ഓഫീസർ, സിഎച്ച്സി |
| ആകെ | | 22,391 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 14,20,000 | ജോയിമാത്യു, സെക്രട്ടറി |
| 3-7 | 6,00,000 | സാജുമോൻ പത്രോസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 4,31,500 | അമല ജെ, കൃഷിഓഫീസർ |
| 3-9 | 5,00,000 | ജയശ്രീ.കെ.എസ്സ്, എച്ച്.എം, ഗവ.എൽ.പി.എസ് |
| 3-10 | 1,11,163 | ഡോ.അന സുരേന്ദ്രൻ, മെഡിക്കൽ ഓഫീസർ, സിഎച്ച്സി |
| ആകെ | 30,62,663 | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോയിമാത്യു,<br>സെക്രട്ടറി | സെക്രട്ടറി | കായൽപുറം ഹൗസ്,<br>കൈനകരി പി.ഒ, ആലപ്പുഴ |
| സാജുമോൻ പത്രോസ്,<br>അസിസ്റ്റന്റ് സെക്രട്ടറി | - | തെക്കുംതറ,<br>വൈശ്യംഭാഗം പി.ഒ,<br>ആലപ്പുഴ |
| ഡോ.അനു സുരേന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>നെടുമുടി ഗ്രാമപഞ്ചായത്ത് | നെടിയവിള,<br>നന്ദൻകോട്,<br>തിരുവനന്തപുരം |
| ജയശ്രീ.കെ.എസ്സ്.<br>എച്ച്.എം,<br>ഗവ.എൽ.പി.എസ് | - | ശ്രീപ്രഭ,<br>പൊങ്ങ പി.ഒ |
| ബിനോയ്ബോസ്,<br>അസിസ്റ്റന്റ്<br>എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>നെടുമുടി ഗ്രാമപഞ്ചായത്ത് | ശ്രീനന്ദനം,<br>എസ്.എൻപുരം,ചേർത്തല |
| അമല ജെ,<br>കൃഷിഓഫീസർ | - | തറയിൽ പുത്തൻവീട്,<br>ചുനക്കര നടുവിൽ,<br>ചുനക്കര പി.ഒ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97<br>2005-06 | എൽ.എഫ്.ജി.എ5/832/2011/31.01.2012<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2006-07,2007-08 | എൽ.എഫ്.ജി.എ5/1577/2014/16.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5/1577/14/07.06.14 |
| 2009-10 | എൽ.എഫ്.ജി.എ5/1577/14/16.05.14 |
| 2010-11,2011-12 | എൽ.എഫ്.എ.പി.1/766/13/21.01.14/11.04.14 |
| 2012-13,2013-14 | എൽ.എഫ്.എ.പി.1/1990/14 |
| 2014-15 | കെ.എസ്.എ.എ.എൽ.പി1/87/2016/11.02.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി1/36/17/17.01.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി1/723/17/19.06.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം 1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(24)/2018 തീയതി: 01.08.2018

.

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

:

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ